ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാകിസ്ഥാന്റെ ഭീകരബന്ധങ്ങൾ തുറന്നു കാട്ടുന്നതിനായി നയതന്ത്രതലത്തിൽ ആഗോള പ്രചാരണം ശക്തമാക്കി ഇന്ത്യ.

**India firms up global outreach plan to expose Pakistan on terrorism.**

2. ചൈന, യുഎസ്, യൂറോപ്യൻ യൂണിയൻ എന്നിവയെ മറികടന്ന്, നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് യു.എൻ റിപ്പോർട്ട്.

**Indian economy to grow at 6.3 percent during current fiscal, ahead of China, US, and European Union, says UN report.**

3. സംസ്ഥാനത്ത് ശാസ്ത്രപഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാരിനൊപ്പം ശാസ്ത്രസാങ്കേതിക വിദഗ്ധരും അണിചേരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**CM Pinarayi Vijayan Urges Scientists and Experts to Join Government in Promoting Scientific Learning in the State.**

4. രാജ്യത്തെ ആധാർ അധിഷ്ഠിത ഇടപാടുകൾ 150 ബില്യൺ മറികടന്നു.

**UIDAI achieves major milestone with over 150 billion Aadhaar authentications.**

5. ദോഹ ഡയമണ്ട് ലീഗ് പുരുഷ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടിയ നീരജ് ചോപ്രയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Narendra Modi Congratulates Neeraj Chopra for Winning Silver in Doha Diamond League Javelin Event.**

6. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ മുതൽ ഈ മാസം 20 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.

**IMD Predicts Heavy Rain in Kerala; Fishermen Advised Against Venturing into Sea from Tomorrow to May 20. Today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**GOVT DELEGATION**

ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് പാക് ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ നിലപാട് വ്യക്തമാക്കുന്നതിനായി വിവിധ രാജ്യങ്ങളിലേക്ക് പ്രതിനിധി സംഘങ്ങളെ അയക്കാൻ പദ്ധതിയുമായി കേന്ദ്രസർക്കാർ. പ്രതിനിധി സംഘങ്ങളിൽ ഭരണപ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങൾ,മുതിർന്ന നയതന്ത്രജ്ഞർ തുടങ്ങിയവരുണ്ടാകും. ഇത് സംബന്ധിച്ച് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു കോൺഗ്രസ്

ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുമായി ആശയവിനിമയം നടത്തി. കോൺഗ്രസ് നേതാവ് ശശി തരൂർ, ബിജെപിയുടെ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയുവിന്റെ സഞ്ജയ് കുമാർ ഝാ, ഡിഎംകെ അംഗം കനിമൊഴി കരുണാനിധി, എൻസിപി അംഗം സുപ്രിയ സുലെ, ശിവസേനയുടെ ശ്രീകാന്ത് ഏകനാഥ് ഷിൻഡെ എന്നിവർ പ്രതിനിധി സംഘത്തിൽ ഉൾപ്പെട്ടതായാണ് വിവരം.

&&&&&&&&&&&&&&&&&&

**HEADLINE-2**

**REV. UN – INDIAN ECONOMY–**

ലോകത്തിൽ അതിവേഗം വളരുന്ന സുപ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുമെന്ന് ഐക്യരാഷ്ട്രസഭ. ഈ സാമ്പത്തിക വർഷം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കും. ചൈന, യുഎസ്, യൂറോപ്യൻ യൂണിയൻ എന്നിവയെക്കാൾ വളർച്ച നേടുമെന്നാണ് ഐക്യരാഷ്ട്രസഭയുടെ ലോക സാമ്പത്തിക റിപ്പോർട്ട്. ഗാർഹിക ഉപഭോഗം, സർക്കാർ നിക്ഷേപങ്ങൾ, സേവന കയറ്റുമതി എന്നിവയാണ് ഇന്ത്യയുടെ മുന്നേറ്റത്തിന് ആക്കം കൂട്ടുന്നത്. രാജ്യത്തെ പണപ്പെരുപ്പം ഈ വർഷം 4.3 ശതമാനമായി കുറയാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ട് പറയുന്നു.

&&&&&&&&&&&&&&&&&&

**PUNJAB–LPU MoUs**

പഞ്ചാബ് ആസ്ഥാനമായുള്ള ലവ്‌ലി പ്രൊഫഷണൽ യൂണിവേഴ്സിറ്റി, തുർക്കിയെയിലെയും അസർബൈജാനിലെയും സ്ഥാപനങ്ങളുമായുള്ള എല്ലാ ധാരണാപത്രങ്ങളും അവസാനിപ്പിച്ചു. ഇന്ത്യയുടെ ദേശീയ താൽപ്പര്യത്തിന് വിരുദ്ധമായ സമീപകാല രാഷ്ട്രീയ സംഭവവികാസങ്ങൾ ചൂണ്ടിക്കാട്ടി, ഇരു രാജ്യങ്ങളുടെയും സ്ഥാപനങ്ങളുമായുള്ള അക്കാദമിക് പങ്കാളിത്തങ്ങൾ ഔദ്യോഗികമായി അവസാനിപ്പിച്ചതായി പാർലമെന്റ് അംഗവും എൽപിയുവിന്റെ സ്ഥാപക ചാൻസലറുമായ ഡോ. അശോക് കുമാർ മിത്തൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**SPECIAL FEATURE – PARAM VIR CHAKRA**

ഓപ്പറേഷൻ സിന്ദൂറിലൂടെ രാഷ്ട്രത്തിനായി പോരാടിയ ധീര സൈനികരെ അഭിവാദ്യം ചെയ്തു കൊണ്ട് രാജ്യത്തുടനീളം തിരംഗ യാത്രകൾ പുരോഗമിക്കുന്നു. സായുധ സേനകളോടുള്ള ആദരസൂചകമായി ആകാശവാണി വാർത്തകൾ അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന് കാർഗിൽ യുദ്ധത്തിൽ മാതൃകാപരമായ ധീരത പ്രകടിപ്പിച്ച പരം വീര ചക്ര ജേതാവ് റൈഫിൾമാൻ സഞ്ജയ് കുമാറിനെ സ്മരിച്ചു. 1999 ജൂലൈ 4 ന് കാർഗിൽ യുദ്ധത്തിൽ, ഗുരുതരമായി പരിക്കേറ്റ അദ്ദേഹം സമാനതകളില്ലാത്ത പോരാട്ടവീര്യമാണ് പ്രകടിപ്പിച്ചത്.

&&&&&&&&&&&&&&&&&

**VP(Intro)**

***സാമൂഹിക സമത്വം ഉറപ്പാക്കുന്നതിനുള്ള ഏറ്റവും സ്വാധീനശക്തിയുള്ള പരിവർത്തന സംവിധാനമാണ് വിദ്യാഭ്യാസമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ. വിദ്യാഭ്യാസ നിലവാരമാണ് രാജ്യവികസനത്തെ മുന്നോട്ട് നയിക്കുകയെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ജയ്പൂരിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ബിരുദ ദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.***

*(ഹോൾഡ്)*

&&&&&&&&&&&&&&&&&

**AMIT SHAH - GUJARATH**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധി നഗറിൽ 708 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. ഗാന്ധി നഗർ മുനിസിപ്പൽ കോർപ്പറേഷനിലെയും തപാൽ വകുപ്പിലെയും വിവിധ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. നാളെ അഹമ്മദാബാദിലും മെഹസനയിലും വിവിധ പരിപാടികളിൽ കേന്ദ്ര ആഭ്യന്തര മന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&

**HEADLINE-3**

## CM - SCIENCE

ശാസ്ത്രപഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനായി സർക്കാർ തലത്തിലുള്ള പ്രവർത്തനങ്ങൾക്കൊപ്പം, ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരുടെ ഇടപെടലും അനിവാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിലെ പ്രൊഫഷണലുകളുമായി തിരുവനന്തപുരത്ത് സംവദിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യജീവിതത്തിൽ നിന്ന് വേറിട്ട് നിൽക്കുന്ന മേഖലയല്ലെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

**<u>PRIVATE SEC. – CM</u>**

കോഴിക്കോട് മുൻ എം എൽ എ – എ. പ്രദീപ് കുമാറിനെ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെകട്ടറിയായി നിയമിച്ചു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫിസ് ഉത്തരവ് ഇറക്കി.

&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്………

&&&&&&&&&&&&&&&&&

**<u>PREZ – JNANPITH AWARD</u>**

58 -ാമത് ജ്ഞാനപീഠ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. പ്രമുഖ ഉറുദു കവിയും ഗാനരചയിതാവുമായ ഗുൽസാർ, സംസ്കൃത പണ്ഡിതൻ ജഗദ്ഗുരു രാമഭദ്ര ആചാര്യ എന്നിവർക്കായിരുന്നു 2023 ലെ ജ്ഞാനപീഠ പുരസ്കാരങ്ങൾ. അവാർഡ് ജേതാക്കളെ രാഷ്ട്രപതി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-4**

**AADHAAR-DIGITAL ECONOMY**

രാജ്യത്തെ ആധാർ അധിഷ്ഠിത ഇടപാടുകൾ 150 ബില്യൺ മറികടന്നു. യുണീക് ഐഡൻറിഫിക്കേഷൻ അതോറിറ്റിയുടെയും , ആധാർ ശൃംഖലയുടെയും ചരിത്രത്തിലെ നിർണായക നേട്ടമാണിത്. സർക്കാർ സേവനങ്ങൾ ഉൾപ്പെടെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിലും ആധാർ അടിസ്ഥാനമാക്കിയുള്ള പ്രാമാണീകരണം പ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്രസർക്കാർ പറഞ്ഞു.

&&&&&&&&&&&&&&&&&

**Telecommunication day**

ഇന്ന് ലോക വാർത്താവിനിമയ ദിനം. ഇന്റർനെറ്റിന്റെയും മറ്റ് സാങ്കേതികവിദ്യകളുടെയും ഉപയോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക ലക്ഷ്യമിട്ടാണ് എല്ലാ വർഷവും മെയ് 17ന് ലോക വാർത്താവിനിമയ ദിനമായി ആചരിക്കുന്നത്. ഡിജിറ്റൽ സാങ്കേതികരംഗത്തെ ലിംഗസമത്വം എന്നതാണ് ഇത്തവണത്തെ പ്രമേയം.

&&&&&&&&&&&&&&&&&

**HYPER TENSION (INTRO)**

*ഇന്ന് ലോക ഹൈപ്പർ ടെൻഷൻ ദിനം. അമിത രക്ത സമ്മർദ്ദത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ഉയർന്ന രക്തസമ്മർദ്ദം ഹൃദയാഘാത സാധ്യത വർധിപ്പിക്കുമെന്നും ശരിയായ ജീവിതശൈലി പിന്തുടരുന്നതിലൂടെ രക്ത സമ്മർദം നിയന്ത്രിക്കാനാകുമെന്നും, പ്രശസ്ത ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ. ജോർജ്ജ് കോശി ആകാശവാണി വാർത്തകളോട് പറഞ്ഞു.*

*(വോയിസ്)*

&&&&&&&&&&&&&&&&&

**NIA IED PUNE**

2023-ൽ മഹാരാഷ്ട്രയിലെ പൂനെയിൽ സ്ഫോടകവസ്തുക്കൾ നിർമ്മിച്ച് പരീക്ഷിച്ചതുമായി ബന്ധപ്പെട്ട കേസിൽ ഒളിവിലായിരുന്ന രണ്ടുപേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വെച്ചാണ് ഇരുവരെയും പിടികൂടിയത്. ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഇവർ ഇന്ത്യയിലേക്ക് മടങ്ങുന്നതിനിടെയായിരുന്നു അറസ്റ്റ്.

&&&&&&&&&&&&&&&&&

**IPL**

ഇന്ത്യ – പാക് സംഘർഷത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ഐപിഎൽ ക്രിക്കറ്റ് മത്സരങ്ങൾ ഇന്നു മുതൽ പുനഃരാരംഭിക്കും. ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിൽ ഏറ്റുമുട്ടും. രാത്രി 07.30 ന് ബംഗളൂരു ചിന്ന സ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&

**HEADLINE-5**

**NEERAJ CHOPRA ( INTRO )**

***ദോഹ ഡയമണ്ട് ലീഗ് പുരുഷ ജാവലിൻ ത്രോയിൽ റെക്കോർഡ് ദൂരം എറിഞ്ഞ് രണ്ടാം സ്ഥാനം നേടിയ നീരജ് ചോപ്രയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അചഞ്ചലമായ സമർപ്പണത്തിന്റെയും, അച്ചടക്കത്തിന്റെയും, ഫലമാണ് ഈ നേട്ടമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. നീരജിന്റെ നേട്ടത്തിൽ രാജ്യം ഏറെ അഭിമാനിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. 90.23 മീറ്റർ ദൂരം എറിഞ്ഞാണ് നീരജിന്റെ വെള്ളി മെഡൽ നേട്ടം. വിജയത്തിൽ ഏറെ സന്തോഷമുണ്ടെന്നും വരും മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ പരിശ്രമിക്കുമെന്നും നീരജ് ചോപ്ര പ്രതികരിച്ചു. (ഹോൾഡ്)***

***ഇതാദ്യമായാണ് നീരജ് ചോപ്ര 90 മീറ്റർ ദൂരം മറികടക്കുന്നത്. 91.06 മീറ്റർ എറിഞ്ഞ ജർമ്മനിയുടെ ജൂലിയൻ വെബറാണ് ഡയമണ്ട് ലീഗിൽ ഒന്നാമതെത്തിയത്.***

&&&&&&&&&&&&&&&&&&

**SAFF Under-19**

അരുണാചൽ പ്രദേശിൽ നടക്കുന്ന സാഫ് അണ്ടർ-19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. എതിരില്ലാത്ത 3 ഗോളുകൾക്ക് മാൽദീവ്സിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ ഫൈനൽ പ്രവേശനം. നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

&&&&&&&&&&&&&&&&&&

**CRICKET - INDIA A SQUAD**

ഈ മാസം 30 ന് ആരംഭിക്കുന്ന ഇംഗ്ലണ്ട് പര്യടനത്തിനുള്ള ഇന്ത്യ എ ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. അഭിമന്യു ഈശ്വരനെ ക്യാപ്റ്റനായും ധ്രുവ് ജൂറലിനെ വൈസ് ക്യാപ്റ്റനായും തിരഞ്ഞെടുത്തു. കരുൺ നായരും ടീമിൽ ഇടം നേടിയിട്ടുണ്ട്. രണ്ടാം മത്സരത്തിന് മുമ്പ് ശുഭ്മാൻ ഗില്ലും സായ് സുദർശനും ടീമിൽ ചേരും.

&&&&&&&&&&&&&&&&&&

**HEADLINE-6**

**RAIN KERALA**

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തമാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട് മുതൽ കാസർകോട് വരെയുള്ള ആറു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. നാളെ മുതൽ ഈ മാസം 20 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

**RUSSIA-STRIKES**

വടക്കുകിഴക്കൻ യുക്രൈനിൽ ഒരു യാത്രാ വാഹനത്തിനു നേരെ റഷ്യൻ ഡ്രോൺ നടത്തിയ ആക്രമണത്തിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. നാലോളം

പേർക്ക് പരിക്കേറ്റു. ഇരുരാജ്യങ്ങളും തമ്മിലുള്ള ആദ്യത്തെ നേരിട്ടുള്ള സമാധാന ചർച്ചകൾ നടത്തി മണിക്കൂറുകൾക്ക് ശേഷമാണ് ആക്രമണം

&&&&&&&&&&&&&&&&&

## TRUMP-INDIA TRADE

അമേരിക്കൻ ഉൽപ്പന്നങ്ങൾക്കുള്ള എല്ലാ തീരുവകളും പിൻവലിക്കാമെന്ന് ഇന്ത്യ വാഗ്ദാനം ചെയ്തതായി അവകാശപ്പെട്ട് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ നിലവിലുള്ള ചർച്ചകൾ അന്തിമമല്ലെന്ന് ട്രംപിൻറെ വാദത്തോട് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പ്രതികരിച്ചു. ഇന്ത്യയും യുഎസും തമ്മിൽ വ്യാപാര ചർച്ചകൾ തുടരുകയാണെന്നും വ്യാപാര കരാർ ഇരു രാജ്യങ്ങൾക്കും പ്രയോജനകരമാകണമെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&

## US- SC BLOCKS DEPORTATION

ടെക്സസിലെ തടങ്കൽ കേന്ദ്രത്തിൽ തടവിലാക്കപ്പെട്ട വെനിസ്വേലൻ കുടിയേറ്റക്കാരെ നാടുകടത്തുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ യുഎസ് സുപ്രീം കോടതിയുടെ ഉത്തരവ്. കുടിയേറ്റക്കാരെ നീക്കം ചെയ്യാൻ ശ്രമിക്കുന്നതിന് മുമ്പ് ഭരണകൂടം മതിയായ നിയമ പരിരക്ഷ നൽകുന്നതിൽ പരാജയപ്പെട്ടതായി കോടതി നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&